20048
18/11/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

<u>സംഗ്രഹം</u>

ദി ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം)കേരള ലിമിറ്റഡ്(ഔഷധി)- പഞ്ചകർമ്മ ആശുപത്രിയിലേക്ക് പുതിയ തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആയുഷ് (എ) വകുപ്പ്

G.O.(Ms)No.47/2019/AYUSH തീയതി,തിരുവനന്തപുരം, 11/11/2019

പരാമർശം:- ഔഷധി മാനേജിംഗ് ഡയറക്ടറുടെ 07.04.2017, 23.10.2018 എന്നീ തീയതികളിലെ ഇ1-12/17നം. കത്തുകൾ

<u>ഉത്തരവ്</u>

1. തൃശ്ശൂർ ഔഷധിയിലെ പഞ്ചകർമ്മ ആശുപത്രിയിൽ കിറ്റ്കോ തയ്യാറാക്കിയ ആശുപത്രി പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം 100 കിടക്കകളുള്ള നവീകരിച്ച ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് ഔഷധി മാനേജിംഗ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. ടി തസ്തികകളിൽ ആശുപത്രിയുടെ സുഗമമായ നടത്തിപ്പിന് വളരെ അത്യാവശ്യമായ ചുവടെ പറയുന്ന തസ്തികകളിൽ സ്ഥിരനിയമനം നടത്തുന്നതിന് അനുവദിക്കണമെന്ന് ഔഷധി മാനേജിംഗ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

1. ആശുപത്രി സൂപ്രണ്ട് - 1
2. മാസിയർ - 16
3. നഴ്സിംഗ് സ്റ്റാഫ് - 4
4. ഫാർമസിസ്റ്റ് - 2

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദി ഫാർമസ്യൂട്ടിക്കൽസ് കോർപറേഷൻ (ഐ.എം)കേരള ലിമിറ്റഡ് (ഔഷധി)യുടെ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന 100 കിടക്കകളുള്ള പഞ്ചകർമ്മ ആശുപത്രിയിലേയ്ക്ക് സാമ്പത്തിക ബാധ്യത കമ്പനിയുടെ സ്വന്തം വരുമാനത്തിൽ നിന്നും കണ്ടെത്തണമെന്നും ഇതിൻമേലുള്ള യാതൊരു സാമ്പത്തിക ബാധ്യതയും സർക്കാർ വഹിക്കുന്നതല്ലായെന്നുമുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന 23 തസ്തികകൾ, സൃഷ്ടിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | | |
|---|---|---|---|
| 1 ആശുപത്രി സൂപ്രണ്ട് | 1 | 21240-37040<br>(40500-85000) | (on deputation) |
| 2 മാസ്സിയർ | 16 | 8500-13210<br>(16500-35700) | (direct recruitment through PSC) |

| | | | |
|---|---|---|---|
| 3 നഴ്സിംഗ് സ്റ്റാഫ് | 4 | 8500-13210 (16500-35700) | (direct recruitment through PSC) |
| 4 ഫാർമസിസ്റ്റ് | 2 | 8730-13540 (17000-37500) | (direct recruitment through PSC) |
| ആകെ | 23 | | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR.SHARMILA MARY JOSEPH IAS
SECRETARY

മാനേജിംഗ് ഡയറക്ടർ, ഔഷധി(ദി ഫാർമസ്യൂട്ടിക്കൽസ് കോർപറേഷൻ (ഐ.എ)കേരള ലിമിറ്റഡ്), തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (4.9.2019-ലെ പി.യു-ബി2/86/2017-ധന നം. അനൗദ്യോഗിക കുറിപ്പ് പ്രകാരം)
പൊതുഭരണ (എസ്.സി.) വകുപ്പ് (ഉ.നം. 3485 പ്രകാരം)
ഡയറക്ടർ, വെബ് & മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 06-11-2019

ഫയൽ നം. എ2/326/2017/ആയുഷ്. ഇനം നം: 3485

വിഷയം : ആയുഷ് വകുപ്പ് - ഔഷധിയിലെ പഞ്ചകർമ്മ ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ആയുഷ് വകുപ്പ്.

7/11/19

3485

കേരള സർക്കാർ

ശ്രീ പിണറായി വിജയൻ മന്ത്രിസഭ

## <u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

| | |
|---|---|
| 1. ഫയൽ നമ്പർ | എ 2/326/2017/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | ഔഷധിയിലെ പഞ്ചകർമ്മ ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 27/09/2019 |
| 5.i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്, ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 6.മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഭൂഷൺ.വി |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ.ഷർമ്മിള മേരി ജോസഫ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.10.2019 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.ടോം ജോസ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 28.10.2019 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 28.10.2019 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29.10.2019 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

1) തൃശ്ശൂർ ഔഷധിയിലെ പഞ്ചകർമ്മ ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

2) തൃശ്ശൂർ ഔഷധിയിലെ നവീകരിച്ച പഞ്ചകർമ്മ ആശുപത്രിയ്ക്ക് കിറ്റ്കോ തയ്യാറാക്കിയ ആശുപത്രി പ്രോജക്ട് റിപ്പോർട്ടിൽ 100 കിടക്കകളുള്ള നവീകരിച്ച ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി പുതുതായി ചുവടെ പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു.

| | | |
|---|---|---|
| ആശുപത്രി സൂപ്രണ്ട് | - | 1 |
| കൺസൾട്ടന്റ് ഡോക്ടർ | - | 3 |
| മാസിയർ | - | 16 |
| നഴ്സിംഗ് സ്റ്റാഫ് | - | 4 |
| റിസപ്ഷനിസ്റ്റ് | - | 2 |
| ഫാർമസിസ്റ്റ് | - | 2 |
| ഇലക്ട്രീഷ്യൻ | - | 1 |
| പ്ലംബർ | - | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | - | 6 |

3) ആയതിൻ പ്രകാരം ടി തസ്തികകൾ സൃഷ്ടിക്കുന്നതിന്മേലുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ധനവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

'AD is requested to advise Oushadhi to engage staff on daily wages, as done by Hospital Development Societies (HDS) in all the Government Ayurveda hospitals and no post creation is required for that. '

4) താഴെപ്പറയുന്ന തസ്തികകളിൽ സ്ഥിരനിയമനം നടത്തേണ്ടത് ആശുപത്രിയുടെ സുഗമമായ നടത്തിപ്പിന് വളരെ അത്യാവശ്യമായതിനാൽ ടി തസ്തികകളിലേക്കെങ്കിലും സ്ഥിരനിയമനം നടത്തുന്നതിന് അനുവദിക്കണമെന്ന്

[illegible] ആവശ്യപ്പെട്ടിരുന്നു

1 ആശുപത്രി സൂപ്രണ്ട് - 1

2 മാസ്സിയർ - 16

3 നഴ്സിംഗ് സ്റ്റാഫ് - 4

4 ഫാർമസിസ്റ്റ് - 2

5 ഇലക്ട്രീഷ്യൻ - 1

5) ഔഷധിയിൽ പുതുതായി സൃഷ്ടിക്കുന്ന തസ്തികകളുടെ ശമ്പള ചില[illegible] ഔഷധിയുടെ സ്വന്തം ഫണ്ടിൽ നിന്ന് വഹിക്കുന്നതിനാലും, 25 കിടക്കകളുള്ള പഞ്ചകർമ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി വികസിപ്പിച്ചതിനാലും [illegible] ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യമായ മിനിമം തസ്തികകൾ സൃഷ്ടിച്ച് സ്ഥിരം നിയമനം നടത്തുന്ന വിഷയം പുനഃ പരിശോധിക്കുന്നതിനായി ഫയൽ ബഹു.ആരോഗ്യ വകുപ്പ് മന്ത്രി മുഖേന ബഹു : ധനകാര്യ വകുപ്പ് മന്ത്രിക്കു സമർപ്പിച്ചപ്പോൾ ധനകാര്യ വകുപ്പ് നൽകിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ഔഷധിയുടെ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന 100 കിടക്കകളുള്ള പഞ്ചകർമ്മ ആശുപത്രിയിലേയ്ക്ക് താഴെ പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനവകുപ്പ് അംഗീകാരം നൽകുന്നു. ആയതിനുള്ള സാമ്പത്തിക ബാധ്യത കമ്പനിയുടെ സ്വന്തം വരുമാനത്തിൽ നിന്നും കണ്ടെത്തണമെന്നും ഇതിൻമേലുള്ള യാതൊരു സാമ്പത്തിക ബാധ്യതയും സർക്കാർ വഹിക്കുന്നതല്ലായെന്നും കമ്പനിയ്ക്ക് നിർദ്ദേശം നൽകേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "

| | | | |
|---|---|---|---|
| 1 ആശുപത്രി സൂപ്രണ്ട് | 1 | 21240-37040 (40500-85000) | (on deputation) |
| 2 മാസ്സിയർ | 16 | 8500-13210 (16500-35700) | (direct recruitment through PSC) |
| 3 നഴ്സിംഗ് സ്റ്റാഫ് | 4 | 8500-13210 (16500-35700) | (direct recruitment through PSC) |
| 4 ഫാർമസിസ്റ്റ് | 2 | 8730-13540 | (direct recruitment |

| | | | |
|---|---|---|---|
| | | 17000-37500 | through PSC |
| ആകെ | 23 | | |

6. ധനവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഔഷധിയുടെ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന 100 കിടക്കകളുള്ള പഞ്ചകർമ്മ ആശുപത്രിയിലേയ്ക്ക് മുൻ പട്ടികയിൽ പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സാമ്പത്തിക ബാധ്യത കമ്പനിയുടെ സ്വന്തം വരുമാനത്തിൽ നിന്നും കണ്ടെത്തണമെന്നും ഇതിൻമേലുള്ള യാതൊരു സാമ്പത്തിക ബാധ്യതയും സർക്കാർ വഹിക്കുന്നതല്ലായെന്നുമുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോയെന്ന ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ഔഷധിയുടെ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന 100 കിടക്കകളുള്ള പഞ്ചകർമ്മ ആശുപത്രിയിലേയ്ക്ക് ധനകാര്യ വകുപ്പ് അംഗീകരിച്ച പ്രകാരം 23 തസ്തികകൾ, സാമ്പത്തിക ബാധ്യത കമ്പനിയുടെ സ്വന്തം വരുമാനത്തിൽ നിന്നും കണ്ടെത്തണമെന്നും ഇതിൻമേലുള്ള യാതൊരു സാമ്പത്തിക ബാധ്യതയും സർക്കാർ വഹിക്കുന്നതല്ലായെന്നുമുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ, സൃഷ്ടിക്കാമോ?